എം.റ്റി(3) 5414/19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 05/02/2020
Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in

# സർക്കുലർ നമ്പർ 10/2020

വിഷയം:- സഹകരണവകുപ്പ് - "കൃതി 2020" അന്താരാഷ്ട്ര പുസ്തകമേളയും വിജ്ഞാനോത്സവവും - കുട്ടികൾക്കുള്ള പുസ്തക കൂപ്പണുകൾ വിതരണം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- സഹകരണസംഘം രജിസ്ട്രാറുടെ 31.12.2019-ലെ സർക്കുലർ നം. 56/2019

1. ജില്ലയിലെ സഹകരണസംഘങ്ങൾ ജോയിന്റ് രജിസ്ട്രാറുടെ സൂചന നിർദ്ദേശ പ്രകാരമുള്ള തുക തന്നെ കുട്ടികൾക്കുള്ള കൂപ്പണുകൾക്കായി വിനിയോഗിക്കേണ്ടതാണ്.
2. ഓരോ ജില്ലയ്ക്കും നിശ്ചയിച്ച് നൽകിയിരുന്ന ദിവസം തന്നെ അതാതു പ്രദേശങ്ങളിൽ നിന്നുള്ള സംഘം ഭാരവാഹികൾ/വകുപ്പ് ഉദ്യോഗസ്ഥർ/അദ്ധ്യാപകർ/രക്ഷിതാക്കൾ/ സാധിക്കുമെങ്കിൽ മുതിർന്ന ഒന്നോ രണ്ടോ കുട്ടികൾ എന്നിവർ ചേരുന്ന യുക്തമായ പ്രാതിനിധ്യത്തോടുകൂടി മേള സന്ദർശിച്ച് പുസ്തകങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്.
3. ഒരു കുട്ടിക്ക് 250 രൂപ വരുന്ന പുസ്തകങ്ങളാണ് തിരഞ്ഞെടുക്കേണ്ടത്.
4. കുട്ടികൾക്കുള്ള കഥ, കവിത, പൊതുവിജ്ഞാനം തുടങ്ങിയ പ്രയോജനപ്രദമെന്നുറപ്പുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കണം.
5. ഇങ്ങനെ തിരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ അവയുടെ വിലയായി നല്കപ്പെടുന്ന കൂപ്പണുകൾ എന്നിവ കൃത്യമായി ഓരോ ദിവസവും അക്കൗണ്ട് ചെയ്യപ്പെടണം.
6. കൂപ്പൺ മുഖേന വാങ്ങുന്ന പുസ്തകങ്ങൾ കൃത്യമായി അതാതു പ്രദേശങ്ങളിൽ എത്തിക്കേണ്ടതും അതാത് സ്ഥലത്തെ സർക്കിൾ സഹകരണയൂണിയനുകളുടെ ആഭിമുഖ്യത്തിൽ ബന്ധപ്പെട്ട സ്കൂൾ സഹകരണ സംഘങ്ങളുമായി/സ്കൂളുകളുമായി ചേർന്ന് ലളിതമായ ഒരു ചടങ്ങ് **'കൃതി സാഹിത്യസഹകരണോത്സവം - 2020'** എന്ന പേരിൽ സംഘം പ്രസിഡന്റ്, പഞ്ചായത്ത് ഭാരവാഹികൾ, സ്കൂൾ അധികൃതർ എന്നിവരുമായി ചേർന്ന് 2020 ഫെബ്രുവരി 29-നകം നടത്തി മേൽ പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതാത് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ സ്വീകരിക്കേണ്ടതാണ്. നടത്തിയ ചടങ്ങുകളുടെ റിപ്പോർട്ട് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ 07.03.2020-നകം സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

മേൽ ചടങ്ങിൽ പ്രദർശിപ്പിക്കുന്നതിനുള്ള ബാനർ മാതൃക ചുവടെ ചേർക്കുന്നു.

| കൃതി സഹകരണ സാഹിത്യോത്സവം<br>ഫെബ്രുവരി 2020, ഫെബ്രുവരി 5<br><br>കുട്ടികൾക്കുള്ള പുസ്തകവിതരണം, സാഹിത്യചർച്ച |
|---|
| സ്ഥലം:<br>സഹകരണസംഘം: |

7. കുട്ടികൾ വാങ്ങിയ പുസ്തകങ്ങളെക്കുറിച്ച് അവർ തയ്യാറാക്കുന്ന ആസ്വാദനക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ ഒരു മത്സരം **"രചന - സാഹിത്യമത്സരം 2020"** ഏപ്രിൽ 15-നു എൻട്രികൾ കിട്ടത്തക്ക രീതിയിൽ ജില്ലാതലങ്ങളിൽ സംഘടിപ്പിക്കണം. 14 ജില്ലകളിലും മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് പുസ്തകങ്ങൾ, ക്യാഷ് അവാർഡ് എന്നിവ ഉൾപ്പെടുത്തി 1, 2, 3 സമ്മാനങ്ങൾ നല്കാം. 14 ജില്ലയിൽ നിന്നും വരുന്ന എൻട്രികളിൽ ഏറ്റവും മികച്ച രചന നടത്തുന്ന കുട്ടി **'കൃതി ബാലപ്രതിഭ - 2020'** സഹകരണവകുപ്പ് മന്ത്രിയുടെ സ്വർണ്ണമെഡലിനർഹനാകും. 2021 കൃതിയിലോ സംസ്ഥാന സഹകരണവാരാഘോഷചടങ്ങിലോ ആയതിനുള്ള സമ്മാനം നൽകും.

മേൽ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള ഒരുക്കങ്ങൾ എല്ലാ ജില്ലയിലെയും ജോയിന്റ് രജിസ്ട്രാർമാർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്:

1. സെക്രട്ടറി, സഹകരണവകുപ്പ് (ഉപരിപത്രം സഹിതം)
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
   (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
6. എല്ലാ സഹകരണസംഘങ്ങൾ/ബാങ്കുകൾ
   (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
8. വെബ് സൈറ്റ്
9. സ്റ്റോക്ക് ഫയൽ/സ്പെയർ

**//ആജ്ഞാനുസരണം//**

**അസിസ്റ്റന്റ് രജിസ്ട്രാർ (എം.റ്റി)**